ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ
പൂർണ്ണ അധികച്ചുമതലയുള്ള ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ – ശ്രീ. ജോമോൻ. കെ. ജോർജ്ജ്, ബി.ടെക്ക്)

ഉത്തരവ് നമ്പർ : ബി1/3166/2016/സി.ഇ   തീയതി. 24/06/2021

വിഷയം :- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- ജീവനക്കാര്യം- ടൈപ്പിസ്റ്റുമാർക്ക് സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :-
1. സർക്കാരിന്റെ 10/02/2021-ലെ ജി.ഒ(പി)27/2021/ഫിൻ നമ്പർ ഉത്തരവ്.
2. ഈ കാര്യാലയത്തിലെ 03/05/2021-ലെ ഇതേ നമ്പർ ഉത്തരവ്.

ഒന്നാം പരാമർശത്തിലെ സർക്കാർ ഉത്തരവിൻപ്രകാരം എൽ.ഡി.ടൈപ്പിസ്റ്റ്/ യു.ഡി.ടൈപ്പിസ്റ്റ്/സീനിയർ ഗ്രേഡ്/സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ 1:1:1:1 എന്ന അനുപാതത്തിൽ ആയിരിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ 29 ടൈപ്പിസ്റ്റ് തസ്തികകളാണ് നിലവിലുള്ളത്. പരാമർശത്തിലെ ഉത്തരവ് പ്രകാരം 7 ജീവനക്കാർ സെലക്ഷൻ ഗ്രേഡിലും, 7 ജീവനക്കാർ സീനിയർ ഗ്രേഡിലും , 7 ജീവനക്കാർ യു.ഡി. ടൈപ്പിസ്റ്റ് തസ്തികയിലും തുടരുന്നതിന് അർഹതയുണ്ട്. ഫെയർകോപ്പി സൂപ്രണ്ട് ശ്രീമതി. എൽ.രമണി 30/04/2021-ന് സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. എം. ഷൈമയെ പരാമർശം(2) പ്രകാരം ഫെയർകോപ്പി സൂപ്രണ്ടായി സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും ടിയാൾ 03/05/2021 (വൈകുന്നേരം) ൽ ചുമതലയേറ്റെടുക്കുകയും ചെയ്തിട്ടുള്ളതിനാൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിലെ ഒഴിവ് നികത്തുന്നതിനും ഒന്നാം പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം അനുപാതം നിലനിർത്തുന്നതിനും താഴെ പറയുംപ്രകാരം സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റുമാരുടെ ഗ്രേഡേഷൻ ലിസ്റ്റിൽ ഏറ്റവും സീനിയറായ ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ശ്രീമതി. ഷൈനി.കെ.എം-നെ (04/05/2021 മുതൽ) 39300-83000/- രൂപ ശമ്പള സ്കെയിലിൽ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ തുടരാൻ അനുവദിക്കുന്നു.

T6/Pr

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ യു.ഡി ടൈപ്പിസ്റ്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ഏറ്റവും സീനിയറും എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ യു.ഡി ടൈപ്പിസ്റ്റുമായ ശ്രീ. സി.വി ഗോപാലകൃഷ്ണനെ (04/05/2021 മുതൽ) 37400-79000/- രൂപ ശമ്പള സ്കെയിലിൽ സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ തുടരാൻ അനുവദിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ എൽ.ഡി ടൈപ്പിസ്റ്റുമാരുടെ ഗ്രഡേഷൻ ലിസ്റ്റിൽ ഏറ്റവും സീനിയറും മലപ്പുറം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലെ എൽ.ഡി ടൈപ്പിസ്റ്റുമായ ശ്രീ. ഷഫീഖ്.എം.എ-യെ (04/05/2021 മുതൽ) 35600-75400/- രൂപ ശമ്പള സ്കെയിലിൽ യു.ഡി ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകി അതേ കാര്യാലയത്തിൽ തുടരാൻ അനുവദിക്കുന്നു.

ഒപ്പ്

ചീഫ് എഞ്ചിനീയറുടെ പൂർണ്ണ
അധികച്ചുമതലയുള്ള
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്,

ബന്ധപ്പെട്ട വ്യക്തികൾക്ക്
(ഓഫീസ് മേലധികാരി മുഖേന)

പകർപ്പ്:- സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് മധ്യമേഖല, എറണാകുളം/ഉത്തരമേഖല, കോഴിക്കോട്
എക്സിക്യൂട്ടീവ് എഞ്ചിനീയർ/ കോഴിക്കോട്, എറണാകുളം,മലപ്പുറം
എ.എ/എസ്.എസ്/എച്ച്.സി/ബി4
വെബ്സൈറ്റിലേക്ക്

ഉത്തരവിൻപ്രകാരം,

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

IT cell

T6/Pr